നടപ്പിലാക്കുന്നത്. ഗ്രാമീണ മേഖലയിലെ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവ സമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക എന്നത് കൂടിയാണ് കൗശൽ കേന്ദ്രങ്ങളിലൂടെ KASE ലക്ഷ്യമിടുന്നത്.

(സി) തൊഴിൽരഹിത യുവജനങ്ങൾക്ക് പ്രയോജനപ്പെടുന്ന കൗശല കേന്ദ്രങ്ങൾ കൊല്ലം ജില്ലയിലും കോഴിക്കോട് ജില്ലയിലും ആരംഭിച്ചുകഴിഞ്ഞു. പാലക്കാട് ജില്ലയിൽ കൗശലകേന്ദ്രം ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. മറ്റു ജില്ലകളിൽ കൗശലകേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള പ്രവർത്തനവും പുരോഗമിച്ചുവരുന്നു.

ഒഡെപെക് വഴി തൊഴിൽ ലഭ്യത

220 (2500) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരും, സാങ്കേതിക വിദ്യാഭ്യാസ യോഗ്യത നേടിയവരുമായ ഉദ്യോഗാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ ജോലി ലഭിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ വന്ന ശേഷം ഒഡെപെക് വഴി എത്ര പേർക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ ലഭ്യമാക്കി; കാറ്റഗറി തിരിച്ച് വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഓവർസീസ് ഡെവലപ്പ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ് ലിമിറ്റഡ് മുഖേന കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനായി വിദേശത്ത് തൊഴിൽദാതാക്കളുടെ ഒരു സംഗമം സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ഒഡെപെക്-ന്റെ പ്രവർത്തനം തൊഴിൽദാതാക്കളിൽ എത്തിക്കുന്നതിനായി വിദേശരാജ്യങ്ങളിലെ എംബസികളിൽ കൂടി ബ്രോഷറുകൾ നൽകുകയും ഇന്ത്യയിലുള്ള വിദേശ അംബാസിഡർമാരെ സന്ദർശിച്ച് ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളെ വിദേശ ജോലിക്ക് സജ്ജരാക്കുന്നതിന് സർക്കാർ ധനസഹായത്തോടെ കേരളത്തിന്റെ എല്ലാ ജില്ലകളിലും വച്ച് എംപ്ലോയ്മെന്റ് & ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെ ഓറിയന്റേഷൻ കോഴ്സുകൾ നടത്തുകയുണ്ടായി.

(ബി) 1096 പേർക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. കാറ്റഗറി തിരിച്ച് ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly